بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 25.08.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തൗബയുടെയും ഇസ്തിഗ്ഫാറിന്റെയും യാഥാർഥ്യം

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

അല്ലാഹു തആല തന്റെ ദാസന്റെ തൗബയും ഇസ്തിഗ്ഫാറും സ്വീകരിക്കുന്നവനാകുന്നു; എന്നാൽ അത് സത്യസന്ധമായ തൗബ ആയിരിക്കണം, വായ കൊണ്ടുള്ള ഉരുവിടൽ മാത്രമാകരുത് എന്നതാണ് അതിനുള്ള നിബന്ധന. പശ്ചാത്തപിക്കുന്നവർക്ക് സമ്പത്തും സന്താനങ്ങളും നൽകി അല്ലാഹു അനുഗ്രഹിക്കുമെന്നും ഇത് ദൈവിക ശിക്ഷയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗമാണെന്നും വിശുദ്ധ ഖുർആനിൽ പലയിടത്തും പരാമർശിച്ചിട്ടുണ്ട്.

ഇസ്തിഗ്ഫാർ (പാപമോചനം) തേടുന്നവൻ അല്ലാഹുവിന്റെ കാരുണ്യം ആകർഷിച്ചെടുക്കുന്നവനായിത്തീരുന്നു. ഒരിടത്ത്, അല്ലാഹു തആല, പാപപ്പൊറുതി തേടുന്നവർക്ക് സുവാർത്ത നൽകിക്കൊണ്ട് പറഞ്ഞു: لَوَجَدُوا اللّٰہَ تَوَّابًا رَّحِیۡمًا അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായി തീർച്ചയായും അവർ കണ്ടെത്തുന്നതാണ്. എന്നാൽ യഥാർഥ ഇസ്തിഗ്ഫാറും സത്യസന്ധമായ തൗബയും ആകണമെന്നതാണ് വ്യവസ്ഥ.

ഒരു ഹദീസിൽ ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്, ഒരു പാപത്തെക്കുറിച്ച് യഥാർഥമായി പശ്ചാത്തപിക്കുന്നവൻ ഒരു പാപവും ചെയ്തിട്ടില്ലാത്തവനെപ്പോലെയാണ്. അല്ലാഹു ഒരു വ്യക്തിയെ സ്നേഹിക്കുമ്പോൾ, പാപങ്ങൾക്ക് അവനെ ഒരു നഷ്ടവും ഏൽപ്പിക്കാൻ കഴിയുകയില്ല. അതായത്, പാപത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് അവനെ തിന്മയിലേക്ക് പ്രേരിപ്പിക്കാൻ കഴിയുകയില്ല, കൂടാതെ തിന്മയുടെ അനന്തരഫലങ്ങളിൽ നിന്ന് അല്ലാഹു തആലാ അവനെ സംരക്ഷിക്കുകയും ചെയ്യുന്നു. തൗബയുടെ അടയാളം വിശദീകരിച്ചുകൊണ്ട് തിരുനബി(സ) പറഞ്ഞു: ലജ്ജയും മാനസാന്തരവും തൗബയുടെ അടയാളം ആണ്. അതിനാൽ യഥാർഥ പശ്ചാത്താപം ചെയ്യുന്നവന് പാപങ്ങളിൽ നിന്ന് മോചനം നേടുന്നിടത്ത്, അവന് അല്ലാഹുവിന്റെ സ്നേഹം ലഭിക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് വീണ്ടും വീണ്ടും പങ്കുപറ്റുകയും ചെയ്യുന്നു.

യഥാർത്ഥ പശ്ചാത്താപത്തിന്റെ നിബന്ധനകളെ കുറിച്ച് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: മോശമായ ചിന്തകളേയും ദുഷിച്ച ഭാവനകളേയും ഉപേക്ഷിക്കുക എന്നതാണ് ആദ്യത്തെ നിബന്ധന. രണ്ടാമത്തെ നിബന്ധന യഥാർഥ ലജ്ജയും മാനസാന്തരവും പ്രകടിപ്പിക്കുക എന്നതാണ്. മൂന്നാമത്തെ നിബന്ധന തിന്മകളുടെ സമീപത്ത് പോകരുത് എന്ന ഉറച്ച തീരുമാനമെടുക്കുക എന്നതാണ്. തിന്മയോട് അടുക്കില്ലെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അത് മതി എന്നു കരുതി അവിടെ തന്നെ നിൽക്കരുത്, മറിച്ച് നല്ല ധാർമ്മികതയും പരിശുദ്ധമായ പ്രവർത്തനങ്ങളും അതിന്റെ സ്ഥാനത്ത് വരേണ്ടതാണ്. അതിനാൽ ഇതാണ് യഥാർഥ മാനസാന്തരവും തൗബയും. ഈ അവസ്ഥ കൈവരിക്കുമ്പോൾ, അല്ലാഹു തആലാ തന്റെ ദാസന്മാരെ സ്നേഹിക്കുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) തൗബയെയും ഇസ്തിഗ്ഫാറിനേയും കുറിച്ച് ആവർത്തിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. അവിടുന്ന് ഇത് ജമാഅത്തിന്റെ ശ്രദ്ധയിൽപ്പെടുത്താത്ത ഒരു സന്ദർഭവുമില്ലാത്ത വിധം ഇക്കാര്യത്തിൽ ആ മഹാത്മാവ് വളരെയധികം ആശങ്കാകുലനായിരുന്നു. അതിനാൽ, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കൽപ്പനകളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ നൽകിയ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളെ എപ്പോഴും നാം നമ്മുടെ മുന്നിൽ വെക്കുകയും അവ പാലിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്. അങ്ങനെ നമ്മുടെ ബൈഅത്തിന്റെ കടമ പൂർത്തിയാക്കുന്നവരായിത്തീരാൻ നമുക്ക് സാധിക്കേണ്ടതാണ്.

നാം നമ്മുടെ ഉള്ളിൽ പരിശുദ്ധമായ ഒരു മാറ്റം സൃഷ്ടിക്കുന്നില്ലെങ്കിൽ, സത്യസന്ധമായ പശ്ചാത്താപത്തിലേക്കും യഥാർഥ പാപപ്പൊറുതിയിലേക്കും ശ്രദ്ധ ചെലുത്തുന്നില്ലെങ്കിൽ, സ്വയം പരിഷ്കരിക്കാനുള്ള നമ്മുടെ പ്രതിജ്ഞ നമുക്ക് ഒരു ഗുണവും ചെയ്യില്ല. ആ മഹാത്മാവ് പറയുന്നു: മനുഷ്യൻ അവന്റെ പ്രകൃതത്തിൽ വളരെ ദുർബലനാണെന്നും ദൈവകൽപ്പനകളുടെ ഭാരം അവന്റെ മേൽ ചുമത്തപ്പെട്ടിട്ടുണ്ട് എന്നുള്ളതും വ്യക്തമാണ്. അതിനാൽ, അവന്റെ ദൗർബല്യം കാരണം ചില കൽപ്പനകൾ ചെയ്യാൻ കഴിയാതെ വരികയും ചിലപ്പോൾ നഫ്സെ അമ്മാറയുടെ ചില ആഗ്രഹങ്ങൾ അവനെ കീഴടക്കുകയും ചെയ്യുന്നത് അവന്റെ പ്രകൃതത്തിലുള്ളതാണ്. അതിനാൽ, അവന്റെ ബലഹീനതയും പ്രകൃതവും കാരണത്താൽ അവൻ ഇടറുമ്പോൾ തൗബയും ഇസ്തിഗ്ഫാറും ചെയ്ത് ദൈവത്തിന്റെ കാരുണ്യത്താൽ അവന് നാശത്തിൽനിന്ന് രക്ഷപ്പെടാൻ അവകാശമുണ്ട്. അതിനാൽ, ദൈവം തൗബ സ്വീകരിക്കുന്നില്ലായിരുന്നുവെങ്കിൽ, നൂറുകണക്കിന് കല്പനകളുടെ ഭാരം മനുഷ്യന്റെമേൽ അടിച്ചേൽപ്പിക്കില്ലായിരുന്നുവെന്ന് ഉറപ്പാണ്. അല്ലാഹു തൗബ സ്വീകരിക്കുന്നവനും പൊറുത്തുകൊടുക്കുന്നവനുമാണെന്ന് നിസ്സംശയം ഇതിൽ നിന്ന് തെളിയുന്നു. മാനസാന്തരമെന്നാൽ ഒരു വ്യക്തി അവനെ തീയിൽ എറിഞ്ഞാൽപോലും അവൻ ഒരിക്കലും ആ തിന്മ ചെയ്യില്ല എന്ന വാഗ്ദാനത്തോടെ ഒരു തിന്മയെ ഉപേക്ഷിക്കുക എന്നാണ്.

അതിനാൽ അങ്ങനെയുള്ള തൗബ ആയിരിക്കണം എന്നത് ആണ് ഈ നിബന്ധന. അതുകൊണ്ട് ഒരു വ്യക്തി ഈ ആത്മാർത്ഥതയോടും നിശ്ചയദാർഢ്യത്തോടും കൂടി സർവ്വശക്തനായ ദൈവത്തിലേക്ക് തിരിയുമ്പോൾ, തന്നിൽ തന്നെ ദയയും കരുണയും ഉള്ളവനായ ദൈവം ഈ പാപത്തിന്റെ ശിക്ഷ പൊറുത്തുകൊടുക്കുന്നു. തൗബ സ്വീകരിച്ചുകൊണ്ട് നാശത്തിൽ നിന്ന് അവനെ രക്ഷിക്കുന്നുവെന്നത് ദൈവത്തിന്റെ ഏറ്റവും ഉയർന്ന ഗുണങ്ങളിൽ ഒന്നാണ്.

നമ്മൾ എത്രയോ തവണ ഇസ്തിഗ്ഫാർ ചെയ്തുവെന്നും നൂറോ ആയിരമോ തസ്ബീഹുകൾ ചൊല്ലിയെന്നും പറയുന്ന പല ആളുകളോട് ഇസ്തിഗ്ഫാറിന്റെ അർഥവും പൊരുളും ചോദിക്കുമ്പോൾ അവർ അമ്പരന്നുപോകുന്നു. ഒരു വ്യക്തി താൻ ചെയ്ത പാപങ്ങളും കുറ്റങ്ങളും കാരണം ശിക്ഷിക്കപ്പെടാതിരിക്കാനും അവ പൊറുക്കപ്പെടുന്നതിനായും ആത്മാർത്ഥമായി ഹൃദയത്തിൽ നിന്ന് ആണ് പൊറുക്കലിനെ തേടിക്കൊണ്ടിരിക്കേണ്ടത്. ഭാവിയിൽ നല്ല പ്രവൃത്തികൾ ചെയ്യാനും പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനും ഇതിനെ തുടർന്ന് എപ്പോഴും അവൻ ഹൃദയാത്മനാ ദൈവത്തോട് സഹായം ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. വാക്കുകൾകൊണ്ട് മാത്രം ഒരു പ്രയോജനവും ഉണ്ടാകുകയില്ല. കഴിഞ്ഞകാല പാപങ്ങൾ പൊറുക്കുകയും ഭാവിയിൽ പാപങ്ങളിൽ നിന്ന് സംരക്ഷിക്കുകയും സത്കർമങ്ങൾ ചെയ്യാൻ തൗഫീഖ് നൽകുകയും ചെയ്യണമെന്ന് പറഞ്ഞ് സ്വന്തം ഭാഷയിൽ ഇസ്തിഗ്ഫാർ ചെയ്യാവുന്നതാണ്. അതാണ് യഥാർഥ ഇസ്തിഗ്ഫാർ. ഹൃദയത്തിൽ നിന്ന് വരുന്നതു മാത്രമേ ദൈവത്തിൽ എത്തുകയുള്ളൂ; നാവ് ഹൃദയത്തെ സക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. വാക്കാൽ മാത്രമുള്ള പ്രാർഥനകൾ വ്യർഥമാണ്.

ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: നമ്മുടെ ജമാഅത്ത് വ്യതിരിക്തമായ എന്തെങ്കിലും പ്രകടമാക്കേണ്ടതാണ്. ഒരു വ്യക്തി ബൈഅത്ത് ചെയ്ത് ഒരു വിവേചനവും കാണിക്കാതെ, ഭാര്യയോടും കുടുംബത്തോടും കുട്ടികളോടും പഴയതുപോലെ തന്നെ പെരുമാറുകയാണെങ്കിൽ, അത് നല്ല കാര്യമല്ല. ബൈഅത്ത് ചെയ്ത ശേഷവും അതേ അധാർമികതയും മോശം പെരുമാറ്റവും നിലനിൽക്കുകയും പഴയത് പോലെ തന്നെ സാഹചര്യം തുടരുകയും ചെയ്താൽ, ബൈഅത്ത് ചെയ്യുന്നതിൽ എന്ത് അർഥമാണുള്ളത്? ബൈഅത്ത് ചെയ്തതിനു ശേഷം അന്യരും ബന്ധുക്കളും അയൽക്കാരും ഇയാൾ പഴയ ആൾ അല്ല എന്ന് പറയത്തക്കവണ്ണം അയാൾ മാതൃകയായിത്തീരേണ്ടതാണ്. ഇതായിരിക്കണം യഥാർഥ ഇസ്തിഗ്ഫാറിന്റെ ഫലം.

അജ്ഞരായ ചില പാതിരിമാർ തിരുനബി[സ]ന്റെ ഇസ്തിഗ്ഫാറിനോട് ആക്ഷേപം ഉന്നയിക്കുകയും അവിടുന്ന് പാപമോചനം തേടുന്നത് തിരുനബി[സ] പാപിയാണെന്ന് തെളിയിക്കുന്നുവെന്നും എഴുതിയിട്ടുണ്ട്. ഇസ്തിഗ്ഫാർ ഒരു ഉന്നത ഗുണമാണ് എന്ന് ഈ അജ്ഞർ മനസ്സിലാക്കുന്നില്ല. ബലഹീനത അവന്റെ നൈസർഗികമായ അവസ്ഥ എന്ന വിധത്തിൽ ആണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യരാശിയുടെ ഈ സ്വാഭാവിക ബലഹീനതയെ കുറിച്ച് പ്രവാചകന്മാർക്ക് നന്നായി അറിയാം, അതിനാൽ ആ മാനുഷിക ബലഹീനതകൾ പ്രത്യക്ഷപ്പെടാത്ത വിധത്തിൽ അല്ലാഹുവേ നീ ഞങ്ങളെ സംരക്ഷിക്കണമെന്ന് അവർ പ്രാർഥിക്കുന്നു.

തന്റെ ശക്തിയാൽ തനിക്ക് പാപം ഒഴിവാക്കാൻ കഴിയുമെന്ന് ആർക്കും അവകാശപ്പെടാനാവില്ല.

അതിനാൽ പ്രവാചകന്മാർക്കും ദൈവത്തിന്റെ സംരക്ഷണം ആവശ്യമാണ്. അതിനാൽ, ദാസത്വത്തെ പ്രകടിപ്പിക്കുന്നതിനായി, മറ്റു പ്രവാചകൻമാരെപ്പോലെ അല്ലാഹുവിനോട് തിരുനബി(സ)യും സംരക്ഷണം തേടാറുണ്ടായിരുന്നു.

യേശു പാപമോചനം തേടിയിട്ടില്ലെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് തെറ്റാണ്. ആ മഹാത്മാവ് തന്റെ ബലഹീനതകൾ ഏറ്റുപറയുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്തുവെന്ന് സുവിശേഷങ്ങളിൽ നിന്ന് വ്യക്തമാണ്. അതല്ലെങ്കിൽ, ***ഏലി ഏലി ലമാ സബ്ക്താനീ*** എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എന്ന് പറഞ്ഞുതരിക. എന്റെ പിതാവേ എന്റെ പിതാവേ എന്നു പറഞ്ഞ് നിലവിളിച്ചത് എന്തിനായിരുന്നു? ഇബ്രാനി ഭാഷയിൽ ദൈവത്തെ ഏൽ എന്ന് വിളിക്കുന്നു. എന്നിൽ കാരുണ്യവും കൃപയും ഉണ്ടാകണം എന്നെ അത്തരമൊരു ദുരിതാവസ്ഥയിൽ ഉപേക്ഷിക്കരുത്, അഥവാ എന്നെ സംരക്ഷിക്കുക എന്നാണ് ഇതിനർഥം.

ഒരാൾ ഒരടി ദൈവത്തിങ്കലേക്ക് അടുത്താൽ ദൈവം അവനിലേക്ക് ഒരു മുഴം അടുക്കുന്നു. ഒരാൾ ദൈവത്തിലേക്ക് നടന്നാൽ ദൈവം അവനിലേക്ക് ഓടി വരുന്നു എന്ന് ഹദീസിൽ കാണാം. അതായത് ഒരു വ്യക്തി ദൈവത്തെ ശ്രദ്ധിച്ചാൽ, അല്ലാഹു അവന് ഏറ്റവും ഉന്നതമായ കരുണയും കൃപയും പാപപ്പൊറുതിയും നൽകുന്നു. എന്നാൽ അവൻ ദൈവത്തിൽനിന്ന് പിന്തിരിഞ്ഞ് കളയുകയാണെങ്കിൽ, ദൈവം അവനെ എന്ത് വിലവെക്കാനാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ രണ്ട് നാമം സമർപ്പിച്ചിട്ടുണ്ട്; *അൽഹയ്യ്, അൽഖയ്യൂം.* അൽഹയ്യ് എന്നാൽ ദൈവം ജീവൻ ഉള്ളവനും മറ്റുള്ളവർക്ക് ജീവൻ നൽകുന്നവനും ആണ്. അൽഖയ്യൂം സ്വയം നിലനിൽക്കുന്നവനും മറ്റുള്ളതിനെ നിലനിർത്തുന്നവനും ആകുന്നു. ഓരോ വസ്തുവിന്റെയും ബാഹ്യവും ആന്തരികവുമായ അസ്തിത്വവും ജീവിതവും ഈ രണ്ട് ഗുണങ്ങൾ മൂലമാണ് നിലകൊള്ളുന്നത്. അതിനാൽ ഹയ്യ് എന്ന വാക്ക്, സൂറഃ ഫാതിഹയിൽ ***ഇയ്യാക്കനഅ്ബുദു*** എന്ന് വ്യക്തമാക്കിയപോലെ ആരാധിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ***ഇയ്യാക്ക നസ്തഈൻ*** എന്ന വാക്കിൽ പ്രകടിപ്പിച്ചപോലെ അൽഖയ്യൂം അവനിൽ നിന്ന് സഹായം തേടാൻ ആഗ്രഹിക്കുന്നു. എല്ലാ സാഹചര്യങ്ങളിലും മനുഷ്യന് ദൈവത്തെ ആവശ്യമാണ്. അതിനാൽ, ദൈവത്തോട് ഇതിനുള്ള ശക്തിക്കായി അപേക്ഷിച്ചുകൊണ്ടിരിക്കേണ്ടത് ആവശ്യമാണ്, ഇതാണ് യഥാർഥ ഇസ്തിഗ്ഫാർ.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: സൽകർമ്മങ്ങളിലും ആരാധനകളിലും വെച്ചിട്ടുള്ള അനുഭൂതികളെ സ്വയം ആസ്വദിക്കാൻ കഴിയില്ല. ദൈവത്തിന്റെ കൃപയും അനുഗ്രഹവും കൊണ്ടാണ് ഇത് ലഭിക്കുന്നത്. ഇതിനായി, ആളുകൾ പരിഭ്രാന്തരാകാതെ ദൈവത്തിന്റെ സഹായത്തിനും കൃപയ്ക്കും വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കേണ്ടത് പ്രധാനമാണ്. ആരാധനയുടെ ആനന്ദം അല്ലാഹുവിനോട് ചോദിക്കുക. ഈ ദുആകളിൽ തളരുകയും ചെയ്യരുത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിനെ ഉപേക്ഷിച്ചുകൊണ്ട് ഔഷധത്തിലും ആസൂത്രണത്തിലും ആശ്രയിക്കുന്നത് വിഡ്ഢിത്തമാണെന്ന് നല്ലവണ്ണം ഓർമിക്കുക. പുതിയ ജീവിതം ഇസ്തിഗ്ഫാറിന്റെ ജീവിതമാണെന്ന് നിങ്ങൾക്കറിയുന്ന തരത്തിലുള്ള അത്തരമൊരു മാറ്റം നിങ്ങളുടെ ജീവിതത്തിൽ സൃഷ്ടിക്കുക. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്യുക. തിരക്കേറിയ ലോകം കാരണം ഒഴിവുസമയം കുറവുള്ളവരാണ് ഏറ്റവും ഭയപ്പെടേണ്ടത്. ജോലി ചെയ്യുന്ന ഭൂരിഭാഗം ആളുകളും ദൈവത്തോടുള്ള കടമകൾ പാലിക്കാതെ പോകുന്നു. അതിനാൽ നിർബന്ധിതാവസ്ഥയാണെങ്കിൽ സുഹ്റും അസറും, (അതുപോലെ) മഗ്രിബും ഇശായും ഒരുമിച്ചു നമസ്കരിക്കുന്നത് അനുവദനീയമാണ്. നിർബന്ധിതാവസ്ഥയിൽ മാത്രം ജംഅ് ആക്കാം; എന്നാൽ യഥാർഥത്തിൽ നമസ്കാരം കൃത്യസമയത്ത് തന്നെയാണ് നിർവഹിക്കേണ്ടത്. അല്ലാഹുവിനോടും ദാസരോടുമുള്ള അവകാശങ്ങളിൽ അനീതിയും അക്രമവും ചെയ്യരുത്. നിങ്ങളുടെ ഔദ്യോഗിക ചുമതലകൾ അങ്ങേയറ്റം സത്യസന്ധതയോടെ നിർവഹിക്കുക. അതിനാൽ, അടിസ്ഥാനപരമായ കൽപ്പനകൾ മുന്നിൽ വയ്ക്കുകയും കൃത്യമായി അത് പാലിക്കുകയും ചെയ്താൽ മാത്രമേ പശ്ചാത്താപവും പാപപ്പൊറുതിയും പ്രയോജനകരമാകയുള്ളൂ. നമസ്കാരങ്ങൾ കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുക. അല്ലാഹുവിനോടും ദാസരോടുമുള്ള കടമകൾ ശരിയായ നിലയിൽ നിറവേറ്റുക.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ തൗബ സ്വീകരിക്കപ്പെട്ടിട്ടില്ലെന്ന് പറയരുത്. നിങ്ങൾക്ക് തന്റെ പ്രവർത്തനങ്ങളാൽ ഒരിക്കലും രക്ഷപ്പെടാൻ കഴിയില്ലെന്ന് ഓർമ്മിക്കുക. അനുഗ്രഹമാണ് എപ്പോഴും രക്ഷിക്കുന്നത്; പ്രവർത്തനങ്ങളല്ല. പറയുന്നു: അല്ലയോ ആദരണീയനും പരമകാരുണികനമായ ദൈവമേ, അങ്ങയുടെ ദാസന്മാരായ ഞങ്ങൾ എല്ലാവരോടും കരുണയുണ്ടാകണമേ.

നിന്റെ തിരുസവിധത്തിൽ ഞങ്ങൾ വീഴുന്നു. അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകൾക്ക് നമ്മെ അവകാശികൾ ആക്കുമാറാകട്ടെ. പശ്ചാത്താപത്തിന്റേയും പാപമോചനത്തിന്റേയും അർഥം മനസ്സിലാക്കി ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം മനസ്സിലാക്കി ഇസ്തിഗ്ഫാറും തൗബയും ചെയ്യുന്നവരാക്കി തീർക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് നാല് മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Masjid Mubarack, U.K – on 25.08.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**